



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor : Suraj S** **Editor : Dr Saritha Vijayan K**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-08/11/2022.

1. ലോക ബാങ്കിന്റെ സഹായത്തോടുകൂടി വാല്യൂ ആഡഡ് അഗ്രികൾച്ചർ മിഷൻ (വാം) എന്ന പദ്ധതിക്ക് സംസ്ഥാന സർക്കാർ രൂപം കൊടുത്തതായി കൃഷിമന്ത്രി പി പ്രസാദ് അറിയിച്ചു. കൃഷിവകുപ്പിനോടൊപ്പം തന്നെ മൃഗസംരക്ഷണം ക്ഷീരവികസനം തദ്ദേശസ്വയംഭരണം തുടങ്ങി വിവിധ വകുപ്പുകളുടെ ഏകോപനത്തോടുകൂടി കാർഷിക ഉൽപാദനം കൂട്ടുന്നതോടൊപ്പം വിവിധങ്ങളായ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ യൂണിറ്റുകൾ രൂപീകരിക്കും. കൃഷിയിടത്തെ ആസ്പദമാക്കി പദ്ധതി രൂപീകരണം നടത്തും. ഒരു കൃഷിഭവൻ ഒരു ഉൽപ്പന്നം എന്ന നിലയിൽ 1100 ഉൽപ്പന്നങ്ങൾ ആറുമാസത്തിനുള്ളിൽ ഉല്പാദിപ്പിച്ച് തുടങ്ങും. ഇവയുടെ സംഭരണം സംസ്കരണം വിപണനം എന്നിവ സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി വാല്യൂ ആഡഡ് അഗ്രികൾച്ചർ മിഷനും സ്വകാര്യ പൊതുമേഖല കർഷക പങ്കാളിത്തത്തോടെ കേരള അഗ്രോ ബിസിനസ് എന്ന പുതിയ സംവിധാനവും നിലവിൽ വരും. ഇതിനായി ലോക ബാങ്കിന്റെ 1400 കോടി രൂപ ലഭ്യമാകും. ഇതോടുകൂടി കർഷകന്റെ ഉൽപ്പന്നങ്ങളെ മൂല്യ വർദ്ധിത ഉത്പന്നങ്ങളാക്കി മാറ്റുകയും വാം എന്ന സംവിധാനം വഴി വിപണികളിലേക്ക് എത്തിക്കുവാനും സാധിക്കും. ഇത് കൃഷിയിടത്തിൽ തന്നെ കൃഷിക്കാരന് വരുമാനം ഉറപ്പു നൽകുന്ന ഒരു പദ്ധതിയായി രൂപം കൊള്ളും.

2. കൃഷിയിടത്തെ അടിസ്ഥാന യൂണിറ്റ് ആയി കണക്കാക്കി ലഭ്യമായ വിഭവ ശേഷി ശാസ്ത്രീയമായി ഉപയോഗപ്പെടുത്തി അതുവഴി സംസ്ഥാനത്തിന്റെ ഉൽപാദനത്തിൽ ഗണ്യമായ വർദ്ധനവും അതുവഴി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും കർഷകരുമായി കൂടിയാലോചിച്ചു ശാസ്ത്രീയ വിഭവാധിഷ്ഠിത ആസൂത്രണ പ്രകാരം ഈ വർഷം മുതൽ നടപ്പിലാക്കുന്ന പദ്ധതിയാണ് **വിളയിടാധിഷ്ഠിത വികസന പദ്ധതി**. വിളയിടാധിഷ്ഠിത സമീപനത്തിൽ നിന്ന് മാറി സംയോജിത, ബഹുവിള കൃഷി സമ്പ്രദായത്തിലൂടെ വികസിപ്പിക്കുന്ന മാതൃകത്തോട്ടങ്ങൾ സൃഷ്ടിക്കും എന്നതാണ് ഇതിലൂടെ കൃഷിവകുപ്പ് ലക്ഷ്യമിടുന്നത്. 10 സെന്റ് മുതൽ 2 ഏക്കർ വരെ സ്ഥലം ഉള്ളവരെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. നടപ്പു വർഷം ഒരു പഞ്ചായത്തിൽ കുറഞ്ഞത് 10 യൂണിറ്റ് വീതം മാതൃകത്തോട്ടങ്ങൾ ഉണ്ടാക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഈ പദ്ധതിയിൽ ചേരാൻ ആഗ്രഹിക്കുന്ന കർഷകർ **നവംബർ**

11-നകം അപേക്ഷ നൽകേണ്ടതാണെന്ന് തിരുവനന്തപുരം പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടുക.

3. ആലപ്പുഴ ജില്ലയിലെ ചേർത്തലയിൽ ഹോർട്ടികോർപ്പ് തേനീച്ച വളർത്തൽ ഉപകരണ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിനായി അനുബന്ധ യന്ത്ര സാമഗ്രികൾ വിതരണം ചെയ്യുന്ന വ്യക്തികൾ/ ഏജൻസികളിൽ നിന്നും ടെൻഡർ ക്ഷണിക്കുന്നു. ഈ മാസം 14-ന് (14.11.2022 നു) മുമ്പായി ടെൻഡറുകൾ സമർപ്പിക്കേണ്ടതാണ്. ടെൻഡർ സംബന്ധിച്ച വിവരങ്ങൾക്കായി https://etenders.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് horticorphotvm@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ **0471 –2359651** എന്ന ഫോൺ നമ്പരിലോ ബന്ധപ്പെടാവുന്നതാണ്.

4. കേരള കാർഷിക സർവകലാശാലയിൽ സിങ്കോണിയം, ഗോൾഡൻ പോത്തോസ്, ബൊഗൈൻ വില്ല, ഓർക്കിഡ്, ബുഷ് പെപ്പർ, ബ്ലാക്ക് പെപ്പർ എന്നിവയുടെ ടിഷ്യു കൾച്ചർ തൈകൾ വിൽപ്പനയ്ക്ക് തയ്യാറാണ്. കൂടുതൽ വിവരങ്ങൾക്ക് **9048178101** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

5. തിരുവനന്തപുരം ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ 2023 വർഷത്തെ പാൽകാർഡ് വിതരണം ചെയ്യുന്നതിന് ഫാമിന് പരിസരത്തുള്ള‌ള കോർപ്പറേഷൻ വാർഡുകളായ കുടപ്പനക്കുന്ന്, പാതിരപ്പള്ളി, ചെട്ടിവിളാകം, കിണവൂർ എന്നിവിടങ്ങളിലും കരകുളം ഗ്രാപഞ്ചായത്ത് വാർഡുകളായ വഴയില, കല്ലയം, പ്ലാവുവിള, നെടുമ്പാറ, നെടുമൺ എന്നിവിടങ്ങളിലും സ്ഥിരതാമസക്കാരായ റേഷൻ കാർഡുള്ള കുടുംബങ്ങളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷാ ഫോമുകൾ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. നിർദ്ദിഷ്ഠ മാതൃകയിൽ പൂരിപ്പിച്ച അപേക്ഷകൾ ഈ മാസം 15 വരെ (നവംബർ 15) രാവിലെ 11 മണി മുതൽ ഉച്ചയ്ക്ക് ഒരു മണി വരേയും ഉച്ചയ്ക്ക് 2 മണി മുതൽ 4 മണി വരേയും ഫാം ഓഫീസ് ബിൽഡിംഗിൽ സ്വീകരിക്കുന്നതാണ്.

## പരിശീലന പരിപാടികൾ

6. കേരള കാർഷിക സർവകലാശാലയുടെ തൃശൂർ വെള്ളാനിക്കരയിലുള്ള കൊക്കോ ഗവേഷണ കേന്ദ്രത്തിൽ വെച്ച് **കൊക്കോ സംസ്കരണത്തിൽ** ഏകദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. കശുമാവ് കൊക്കോ വികസന കാര്യാലയത്തിന്റെ ധനസഹായത്തോടു കൂടിനടത്തുന്ന ഈ പരിശീലന

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പരിപാടിയിലേക്കുള്ള പ്രവേശനം സൗജന്യമാണ്. കൊക്കോ കർഷകർക്കും സംരംഭകർക്കും അപേക്ഷിക്കാവുന്നതാണ്. താൽപര്യമുള്ളവർ **0487 – 2438451, 2438452, 9539298831** എന്നീ ഫോൺ നമ്പരുകളിലോ ccrp@kau.in എന്ന ഇ-മെയിൽ മുഖേനയോ രജിസ്റ്റർ ചെയ്യാവുന്നതാണ്.

7. കേരള കാർഷിക സർവകലാശാലയ്ക്ക് കീഴിൽ വേങ്ങേരിയിൽ പ്രവർത്തിക്കുന്ന കാർഷിക വിജ്ഞാന വിപണന കേന്ദ്രം ഈ മാസം 11-ന് (11.11.2022ന്) രാവിലെ 10.30-ന് അഗ്രോ ക്ലിനിക് സംഘടിപ്പിക്കുന്നു. താൽപര്യമുള്ള കർഷകർ **0495 2935850, 9188223584** എന്നീ ഫോൺ നമ്പരുകളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 കർഷകർക്കാണ് മുൻഗണന. വിളയുടെ രോഗ കീടബാധിതമായ ഭാഗം രോഗകേട് നിർണയത്തിനായി കൊണ്ടുവരാവുന്നതാണ്.

**കാർഷിക നിർദ്ദേശങ്ങൾ**

- വള്ളിപ്പയറിൽ ഇലപ്പേൻ, മുഞ്ഞ, വെള്ളിച്ച എന്നീ നീരുറ്റികുടിക്കുന്ന പ്രാണികളുടെ ഉപദ്രവം കൂടാനിടയുള്ളതിനാൽ രണ്ട് ശതമാനം വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി എമൽഷൻ ഇലയുടെ മുകളിലും അടിയിലും വീഴത്തക്കവണ്ണം രണ്ടാഴ്ച ഇടവിട്ട് തളിച്ചു കൊടുക്കുക.
- മത്തനിൽ പിഞ്ചു കായ്കൾ കൊഴിയുന്നതിനെതിരെ സമ്പൂർണ്ണ 5 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. മത്തൻ തോട്ടത്തിൽ കായീച്ചയെ നിയന്ത്രിക്കുവാൻ കെണികൾ സ്ഥാപിക്കുക.
- മുളകിൽ വെള്ളീച്ചയുടെ ആക്രമണം തടയാൻ 2% വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം തളിച്ച് കൊടുക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ തിരുവനന്തപുരം